**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2202** **13-09-2023 - ൽ മറുപടിയ്ക്ക്**

**സി.സി.ടി.വി. സ്ഥാപിച്ചതിൽ നടന്ന അഴിമതിക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | നീണ്ടകര, പാറശ്ശാല താലൂക്ക് ആശുപത്രികളിൽ റെസണൻസ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനം മുഖേന സി.സി.ടി.വി. സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് അഴിമതി നടത്തിയവർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം സി-ഡിറ്റിനു നൽകിയിരുന്നോ; വിശദമാക്കാമോ; | (എ) | നൽകിയിരുന്നു. |
| (ബി) | നീണ്ടകര, പാറശ്ശാല താലൂക്ക് ആശുപത്രികളിൽ സി.സി.ടി.വി. സ്ഥാപിച്ചതിന് പ്രസ്തുത ആശുപത്രികൾക്ക് എത്ര സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നഷ്ടം എങ്ങനെയാണ് തിട്ടപ്പെടുത്തിയതെന്നു വ്യക്തമാക്കുമോ; | (ബി) | അന്വേഷിച്ചതിൽ സിഡിറ്റിനോ സർക്കാരിനോ സാമ്പത്തിക നഷ്ടം ഉണ്ടായതായി വെളിവായിട്ടില്ല. |
| (സി) | പ്രസ്തുത പരാതിയിൻമേലുള്ള അന്വേഷണത്തിന്റെ പുരോഗതി അറിയിക്കുമോ; | (സി) | ഈ വിഷയത്തിൽ സി-ഡിറ്റിനോ സർക്കാരിനോ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ളതായി വെളിവായിട്ടില്ലാത്തതിനാൽ പരാതിയിൻമേൽ പോലീസിന് നേരിട്ട് കേസ്സ് രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നതല്ല എന്ന് 16.02.2023 ലെ കത്ത് മുഖേന തിരുവല്ലം Station House Officer സിഡിറ്റിനെ അറിയിച്ചിരുന്നു. ടെൻഡർ നടപടി ക്രമത്തിൽ അഴിമതി നടന്നതായി സിഡിറ്റ് നടത്തിയ പരിശോധനയിലും അന്വേഷണത്തിലും കണ്ടെത്തിയിരുന്നില്ല. ടെൻഡർ നിരക്കുകൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയ താത്കാലിക ഉദ്യോഗസ്ഥൻ നടപടിക്രമത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയതിനാൽ അയാളുടെ ശമ്പളത്തിൽ നിന്നും 6000 രൂപ ഈടാക്കുന്നതിനുള്ള ശിക്ഷ നൽകാനും ബന്ധപ്പെട്ട സ്ഥാപനത്തെ (റെസണൻസ്) സിഡിറ്റിന്റെ തുടർ ടെൻഡറുകളിൽ നിന്നും വിലക്കുന്നതിനും തീരുമാനിക്കുകയും വിഷയം സർക്കാരിലേക്ക് റഫർ ചെയ്യുകയും ചെയ്തു. തുടർന്ന് താത്കാലിക കരാർ ജീവനക്കാരൻ 04.07.2019ന് സിഡിറ്റിൽ നിന്നും രാജിവെച്ച് വിടുതൽ നേടിയിരുന്നു. |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട സ്ഥാപനമായ റസണൻസിന്റെ നീണ്ടകര, പാറശ്ശാല ആശുപത്രികളിലെ ജോലി ചെയ്തതിന് നൽകിയ രണ്ടു ബില്ലുകളിലായി 4,34,489/-രൂപ പിടിച്ചുവച്ചിട്ടുണ്ട്. |
| (ഡി) | സർക്കാരിന് കിട്ടിയ പരാതിയിൽ താലൂക്ക് ആശുപത്രികൾ കൂടാതെ മ്യൂസിയം, കാപെക്സ് തുടങ്ങിയ സ്ഥാപനങ്ങളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ ഉൾപ്പടെയുള്ള പരാതിയിൽ പോലിസ് അന്വേഷണത്തിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | ഈ വിഷയത്തിൽ സി-ഡിറ്റിനോ സർക്കാരിനോ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ളതായി വെളിവായിട്ടില്ലാത്തതിനാൽ പരാതിയിൻമേൽ പോലീസിന് നേരിട്ട് കേസ്സ് രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നതല്ല എന്ന് 16.02.2023 ലെ കത്ത് മുഖേന തിരുവല്ലം Station House Officer സിഡിറ്റിനെ അറിയിച്ചിരുന്നു. ടെൻഡർ നടപടി ക്രമത്തിൽ അഴിമതി നടന്നതായി സിഡിറ്റ് നടത്തിയ പരിശോധനയിലും അന്വേഷണത്തിലും കണ്ടെത്തിയിരുന്നില്ല. ടെൻഡർ നിരക്കുകൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയ താത്കാലിക ഉദ്യോഗസ്ഥൻ നടപടിക്രമത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയതിനാൽ അയാളുടെ ശമ്പളത്തിൽ നിന്നും 6000 രൂപ ഈടാക്കുന്നതിനുള്ള ശിക്ഷ നൽകാനും ബന്ധപ്പെട്ട സ്ഥാപനത്തെ (റെസണൻസ്) സിഡിറ്റിന്റെ തുടർ ടെൻഡറുകളിൽ നിന്നും വിലക്കുന്നതിനും തീരുമാനിക്കുകയും വിഷയം സർക്കാരിലേക്ക് റഫർ ചെയ്യുകയും ചെയ്തു. തുടർന്ന് താത്കാലിക കരാർ ജീവനക്കാരൻ 04.07.2019ന് സിഡിറ്റിൽ നിന്നും രാജിവെച്ച് വിടുതൽ നേടിയിരുന്നു. ബന്ധപ്പെട്ട സ്ഥാപനമായ റസണൻസിന്റെ നീണ്ടകര, പാറശ്ശാല ആശുപത്രികളിലെ ജോലി ചെയ്തതിന് നൽകിയ രണ്ടു ബില്ലുകളിലായി 4,34,489/-രൂപ പിടിച്ചുവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ